**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3734** **02-03-2023 - ൽ മറുപടിയ്ക്ക്**

**പാൽ വില വർദ്ധനവ്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ</td><td colspan="2">ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തവണ മിൽമ പാലിന് വില വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും വരുത്തിയ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒരു തവണ മാത്രമാണ് മിൽമ, പാലിന് വില വർദ്ധിപ്പിച്ചിട്ടുള്ളത്. 01.12.2022 മുതലാണ് പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചത്.</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്ത് അവസാനമായി പാൽ വില വർദ്ധിപ്പിച്ചത് എന്നാണെന്ന് അറിയിക്കുമോ;</td><td>(ബി)</td><td>2022 ഡിസംബർ ഒന്നാം തീയതി മുതലാണ് ലിറ്ററിന് 6.00 രൂപ അവസാനമായി പാൽ വില വർദ്ധിപ്പിച്ചത്.</td></tr>
<tr><td>(സി)</td><td>ഒരു ലിറ്റർ പാലിന് എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായതെന്നും പ്രസ്തുത വില വർദ്ധനവിലൂടെ നാളിതുവരെ മിൽമയ്ക്ക് എത്ര രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;</td><td>(സി)</td><td>ഒരു ലിറ്റർ പാലിന്റെ വിൽപന വിലയിൽ 6 രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പ്രസ്തുത വിലവർദ്ധനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><table><tr><th>ക്രമ.നം.</th><th>വിശദാംശങ്ങൾ</th><th>അധികരിച്ച വില (രൂപ)</th></tr><tr><td>1</td><td>ക്ഷീര കർഷകർ</td><td>5.025</td></tr><tr><td>2</td><td>ക്ഷീര സംഘങ്ങൾ</td><td>1.345</td></tr><tr><td>3</td><td>ഏജന്റുമാർ</td><td>0.345</td></tr><tr><td>4</td><td>ക്ഷേമനിധി</td><td>0.045</td></tr><tr><td>5</td><td>മിൽമ</td><td>0.210</td></tr><tr><td>6</td><td>പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രക്രിയ</td><td>0.030</td></tr><tr><td colspan="2">ആകെ</td><td>6.000</td></tr></table><br>3 ശതമാനം കൊഴുപ്പും 8.5 ശതമാനം കൊഴുപ്പിതര ഖരപദാർത്ഥങ്ങളും അടങ്ങിയ ഗുണനിലവാരമുള്ള പാൽ സംഘത്തിലൊഴിക്കുന്ന കർഷകന് ലിറ്ററിന് 5.025 രൂപ അധികമായി ലഭിക്കുന്ന രീതിയിലാണ് ചാർട്ട് തയ്യാറാക്കിയിരിക്കുന്നത്.<br><br>ഗുണനിലവാരത്തിനനുസരിച്ച് ലഭിക്കുന്ന വിലയിൽ വ്യതിയാനം ഉണ്ടാകും. സംസ്ഥാന ശരാശരിയായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് ലഭിക്കുന്ന വില വർദ്ധനവ്</td></tr>
</table>

| | | | |
|---|---|---|---|
| | | | ലിറ്ററിന് 5.68 രൂപയാണ്. വിലവർദ്ധനവിൽ മിൽമയ്ക്ക് ലഭിക്കുന്നത് ലിറ്ററിന് 21 പൈസ മാത്രമാണ്. വിൽപന വിലയുടെ 84 ശതമാനത്തോളം കർഷകർക്ക് തിരികെ ലഭിക്കുന്ന രീതിയിലാണ് മിൽമ പ്രവർത്തിക്കുന്നത്. എന്നിരിക്കിലും ഡിസംബറിൽ വിലവർദ്ധനവ് നടപ്പിലാക്കിയതിനു ശേഷം പാൽ സംഭരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതു മൂലം അയൽ സംസ്ഥാനങ്ങളിൽ നിന്ന് പാൽ വാങ്ങുന്നതിന്റെ അളവിൽ കുറവുണ്ടാകുകയും ഏതാണ്ട് ഒരു കോടി രൂപയുടെ അധിക വരുമാനം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വില വർദ്ധനവിന് മുമ്പ് മിൽമയുടെ ഒരു ദിവസത്തെ വിറ്റുവരവ് എത്രയായിരുന്നുവെന്നും നിലവിൽ എത്രയാണെന്നും വിശദമാക്കുമോ; | (ഡി) | വില വർദ്ധനവിനു മുൻപ് (2022 നവംബർ) മിൽമയുടെ മേഖലാ യൂണിയനുകളുടെ വിറ്റു വരവ് പ്രതിദിനം ശരാശരി 9.06 കോടി രൂപയായിരുന്നത് വില വർദ്ധനവിനു ശേഷമുള്ള കാലയളവിൽ പ്രതിദിനം 10.05 കോടി രൂപയായിട്ടുണ്ട്. |
| (ഇ) | പാൽ വില വർദ്ധിപ്പിക്കുന്നതിന് മുമ്പ് ഒരു ലിറ്റർ പാലിന്റെ വിലയുടെ എത്ര ശതമാനമാണ് ക്ഷീര കർഷകർക്ക് നൽകിയിരുന്നതെന്നും നിലവിൽ എത്ര ശതമാനമാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ? | (ഇ) | പാൽ വില വർദ്ധിപ്പിക്കുന്നതിനു മുൻപ് ഒരു ലിറ്റർ പാൽ വിലയുടെ 83 ശതമാനം പാൽ വിലയും മറ്റ് ആനുകൂല്യങ്ങളുമായും ക്ഷീരകർഷകർക്ക് നൽകിയിരുന്നു. നിലവിൽ ആയത് 84 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ